കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

**ഇ-മെയിൽ – dopkd.ksad@kerala.gov.in**
**Phone – 04912520145**

**www.lfa.kerala.gov.in**

# കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
**2018-19**

നം.കെ.എസ്.എ-പികെഡി13/229/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഇ-മെയിൽ – dopkd.ksad@kerala.gov.in
Phone – 04912520145

തീയതി – 27.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി13/229/2020 തീയതി – 27.05.2020

## പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23-02-2019 മുതൽ 18-01-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-01-20 മുതൽ 29-01-20 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.വി.രാജൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.ഗോപകുമാർ | 1-4-18 മുതൽ 3-12-18 വരെ |
| | എം.കെ.ഖദീജ | 4-12-18 മുതൽ 20-12-18 വരെ |
| | കെ.അബ്ദുൾ കരിം | 21-12-18 മുതൽ 31-3-19 വരെ |
| സെക്രട്ടറി | രവീന്ദ്രൻ.വി | 1-4-18 മുതൽ 14-5-18 വരെ |
| | ഹരിലാൽ.ഡി.ബി (അസ്സി.സെക്രട്ടറി ഇൻ ചാർജ്) | 15-5-18 മുതൽ 30-6-18 വരെ<br><br>26-10-18 മുതൽ 13-3-19 വരെ |
| | പദ്മജ തോമസ് | 1-7-18 മുതൽ 5-8-18 വരെ |
| | ഗ്രേസ പി.എ | 6-8-18 മുതൽ 25-10-18 വരെ |
| | തിലകൻ ടി | 14-03-19 മുതൽ 31-3-19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഹരിലാൽ.ഡി.ബി | 1-4-18 മുതൽ 31-3-19 വരെ |
| കൃഷി ഓഫീസർ | രശ്മി. എം ബി | 1-4-18 മുതൽ 23-08-18 വരെ |
| | ദീപ്തി. ആർ | 24-08-18 മുതൽ 31-3-31 വരെ |
| വി.ഇ.ഒ | ജയൻ.എൻ.എൻ | 1-4-18 മുതൽ 31-3-19 വരെ |
| ICDS സൂപ്പർവൈസർ | വിനോദിനി കെ.കെ | 01 -4 -18 മുതൽ 7-7-18 വരെ |
| | ഊർമ്മിള വി.എസ് | 8-7-18 മുതൽ 15-3-19 വരെ |
| | വനജകുമാരി വി | 16-3-19 മുതൽ 31-3-19 വരെ |
| അസി.എഞ്ചിനീയർ | ശാന്ത എം.കെ | 1-4-18 മുതൽ 21-05-18 വരെ |
| | ഷഹനാസ് അഷറഫ് | 22-05-18മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. രോഹിണി. സി | 1-4-18മുതൽ 2-7-18വരെ |
| | | |

| | | |
|---|---|---|
| | ഡോ.റിസ്വാന പി | 3-7-18മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷാബു | 1-4-18 മുതൽ 31-3-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. ലേഖ ഗ്രിഗോറിയസ് | 1-4-18 മുതൽ 31-3-19 വരെ |
| ക്ഷീര വികസന ഓഫീസർ | സി.ജെ.ജാസ്മിൻ | 1-4-18 മുതൽ 31-3-19വരെ |
| ഹെഡ്മാസ്റ്റർ | എം.മണികണ്ഠൻ | 1-4-18 മുതൽ 31-3-19 വരെ |

## ഉള്ളടക്കം

### ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശ്ലേകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-10 |
| 11 | രശീത് പുസ്തകങ്ങളുടെ പരിപാലനം-ചട്ടങ്ങൾ പാലിക്കണം | 1-11 |
| 12 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം | 1-12 |
| 13 | ടെന്റർ ഫോം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ് | 1-13 |
| 14 | ഗുണഭോക്തൃസമിതികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം,രജിസ്റ്റർ സൂക്ഷിപ്പ് എന്നിവ തൃപ്തികരമല്ല | 1-14 |
| 15 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല. | 1-15 |
| 16 | തെരുവു വിളക്കുകളുടെ പരിപാലനം-അവലോകനം | 1-16 |

| | | |
|---|---|---|
| 17 | ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം -അപാകതകൾ സംബന്ധിച്ച് | 1-17 |
| 18 | വാഹന വാടക നൽകിയത് ക്രമ പ്രകാരമല്ല | 1-18 |
| 19 | വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ- വിനിയോഗ/ ചെലവു പുരോഗതി സാക്ഷ്യ പത്രം ഹാജരാക്കണം | 1-19 |
| 20 | എസ്.എസ്.എ. വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കണം | 1-20 |
| 21 | മരുന്നുകൾ വാങ്ങൽ ക്രമപ്രകാരമല്ല | 1-21 |
| 22 | ആമ്പുലൻസിന്റെ ഉടമസ്ഥത മാറ്റണം | 1-22 |
| 23 | വിമുക്ത ഭടൻമാർക്കുള്ള നികുതി ഇളവ്-തുടർനടപടി സ്വീകരിക്കണം | 1-23 |
| 24 | റീയേജന്റ് വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-24 |
| 25 | സബ്ബ് സെന്ററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-25 |

<u>ഭാഗം-II</u>

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

<u>ഭാഗം-III</u>

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഒന്നുമില്ല

<u>ഭാഗം-IV</u>

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

അനുബന്ധം

1. വാർഷികക്കണക്കുകളുടെ പരിശോധനാ സാക്ഷ്യപത്രം

2.ഓഡിറ്റ് ചെയ്ത വരവ്-ചെലവ് പത്രികകളുടെ സംക്ഷിപ്തം

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28/03/2018 തിയതിയിലെ തീരുമാനം 1 (1)പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 13619137 | 159190000 | 165646000 | 7163137 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 22-5-19 | ----- | ----- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11539698 |
| വരവ് | 76465486 |
| ആകെ | 88005184 |
| ചെലവ് | 71608880 |
| നീക്കിയിരിപ്പ് | 16396304 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അല്ലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14193000 | 14193000 | 14165338 | 27662 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8882000 | 8882000 | 6676011 | 2205989 |
| വികസന ഫണ്ട് -ടി.എസ്.പി (ACR പ്രകാരം) | 0 | 28000 | 28000 | 0 | 28000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 22158000 | 22158000 | 19345452 | 2812548 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 2963000 | 2963000 | 2803125 | 159875 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8433493 | 8433493 | 1761364 | 6672129 |
| TSC | | 294402 | 170000 | 464402 | 0 | 464402 |
| ICDS | | 951866 | 423669 | 1375535 | 769736 | 605799 |
| സാക്ഷരത | | 122996 | 5637 | 128633 | 25 | 128608 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 21597824 | 21597824 | 21597824 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1132253 | 1132253 | 1121138 | 11115 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 645226 | 645226 | 645226 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 879152 | 879152 | 879152 | 0 |
| ബി ഫണ്ട് | | 0 | 45120 | 45120 | 45120 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 5865207 | 10561933 | 16427140 | 8109608 | 8317532 |
| തനത്ഫണ്ട്-ബാങ്ക് | | 4464672 | 5980441 | 10445113 | 3343841 | 7101272 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയ ത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്കു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 416 | 115238185 | 248 | 57954771 | nil | 168 | 59.61 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 3351869 | 2084576 | 62.19 |
| വി.ഇ.ഒ | 11 | 8 | 29706700 | 14959200 | 50.35 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 8 | 5352060 | 3163529 | 59.10 |
| സെക്രട്ടറി | 24 | 18 | 4699365 | 3104830 | 66.06 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 327 | 187 | 61534875 | 27914320 | 45.36 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 1439440 | 1270513 | 88.26 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 650000 | 650000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 500000 | 500000 | 100 |
| അസി.സെക്രട്ടറി | 11 | 4 | 2593876 | 1294880 | 49.92 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 2519000 | 982500 | 39 |
| ഹെഡ് മിസ്ട്രസ് | 11 | 6 | 2891000 | 2030423 | 70.23 |
| ആകെ | 416 | 248 | 115238185 | 57954771 | 50.29 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45120 | 23 |
| കർഷക തൊഴിലാളി പെൻഷൻ | 2428800 | 590 |
| വിധവാ പെൻഷൻ | 14178400 | 3335 |
| വാർദ്ധക്യകാല പെൻഷൻ | 28164700 | 6217 |
| വികലാംഗ പെൻഷൻ | 3248000 | 770 |
| 50 വയസ്സിന് മുകളി ലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1576500 | 366 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-12-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2998/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.
2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.
4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.
5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.
6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.
7. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ

ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

8. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-12-19 to 13-12-19 | 11/2019 | PA26160/15/DDP. dt.13-12.19 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2009 to 03-08-2009 | 2004-05 to 2008-09 | LBA(H)/iv/8A-1451/179, തി. 26-8-2009 | ഇല്ല |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

പ്രത്യേക പരാമർശമില്ല

## 1-11 രശീത് പുസ്തകങ്ങളുടെ പരിപാലനം-ചട്ടങ്ങൾ പാലിക്കണം

സർക്കാർ ഉത്തരവ് (സാധാ)നം.1699/2017/തസ്വഭവ തീയതി 24.05.2017 പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രശീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് (കെടിസി വാല്യം 1ആർട്ടിക്കിൾ 90 ബി, കുറിപ്പ് (2) രേഖപ്പെടുത്തുകയോ , സാമ്പത്തിക വർഷം അവസാനിച്ചിട്ടും ഉപയോഗിക്കാത്ത . രശീതികൾ റദ്ദാക്കുകയോ ചെയ്യുന്നില്ല.

2. ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3. മാന്വൽ രശീതികളിലൂടെ പിരിക്കുന്ന വസ്തുനികുതി ഇനത്തിലെ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ കാലികമാക്കുന്നതിന് കൃത്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-12 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ കോഴി മുതലായ പക്ഷികളുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, മീൻ/കോഴി വിൽപ്പന കേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിൽ താഴെ പറയുന്ന തുടർനടപടികൾ നിർദ്ദേശിക്കുന്നു.

1. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം.66771/ഡിബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/ തസ്വഭവ തീയതി 06-04-2012 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്കും കോഴി / മീൻ വിൽപ്പന കേന്ദ്രങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല. ചട്ട പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി - മീൻ വിൽപ്പന കടകൾ, കോഴി, താറാവ് മുതലായ പക്ഷി വിൽപ്പന കേന്ദ്രങ്ങൾ എന്നിവയ്ക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230(എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. പുറമ്പോക്കുകളിലും, വഴിയരികുകളിലും, വാഹനങ്ങളിലും, വൃത്തിഹീനമായതും, പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നതുമായ സാഹചര്യത്തിലും അനധികൃതമായി പ്രവർത്തിക്കുന്ന കശാപ്പുശാലകൾ, ഇറച്ചിക്കടകൾ, മീൻ/കോഴി വിൽപ്പന കേന്ദ്രങ്ങൾ എന്നിവക്കെതിരെതിരെയും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ടെന്ററർ ഫോം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് തൻവർഷം 14400രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ 679002925/SBI പട്ടാമ്പി എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഗുണഭോക്തൃസമിതികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം,രജിസ്റ്റർ സൂക്ഷിപ്പ് എന്നിവ തൃപ്തികരമല്ല

മുൻ വർഷങ്ങളിൽ ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കുന്നതിന് കരാർ ചമച്ചിട്ടുള്ളതും തൻവർഷം പൂർത്തിയാക്കുകയും ഫൈനൽബിൽ നൽകിയതുമായ 26 മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരവും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച "ഗുണഭോക്തൃസമിതി മാർഗ്ഗരേഖ"യിലും ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് നടപ്പിലാക്കുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ഇടപാട് സുതാര്യവും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്നും അല്ലാത്ത സംഗതികളിൽ ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1997- ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും, ഗുണഭോക്തൃ കമ്മിറ്റി മുഖേന മരാമത്ത് പണികൾ നടത്തിയപ്പോൾ പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. **<u>പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് ഇല്ല</u>**

ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ഒന്നും തന്നെ കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലൂടെയല്ല നടത്തിയിരിക്കുന്നത്. പൂർത്തികരണശേഷം പസ്ബുക്ക് ക്ലോസ് ചെയ്ത് തിരിച്ചേൽപ്പിച്ചിട്ടില്ല. കൺവീനർമാർ ആരും തന്നെ പണി നടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടല്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.
2.നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3.**<u>മസ്റ്റർ റോൾ</u>**

വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതത് ദിവസം രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ

ഒരാഴ്ചത്തേക്ക് ഒന്ന് എന്ന ക്രമത്തിൽ വെക്കണം. മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് കൺവീനറും ചെയർമാനും തിയ്യതി വെച്ച് ഒപ്പിടണം.ആ മസ്റ്റർ റോൾ പ്രകാരം ഏത് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്നും രേഖപ്പെടുത്തണം.ഇത് പാലിച്ചിട്ടില്ല.മസ്റ്റർ റോൾ എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.**നിർമ്മാണ സാധനങ്ങൾ വാങ്ങൽ**

പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ ഗുണനിലവാരവും വിലയും പരിശോധിച്ച് വാങ്ങണം.ആവശ്യമെങ്കിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണം. സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയ്യതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം.സിമന്റ്,കമ്പി,ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ. എന്നാൽ മിക്ക പ്രവൃത്തികളിലും ബിൽ/രശീതി ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്.

5.**യന്ത്രസാമഗ്രികളുടെ വാടക**

വാടകയ്ക്കെടുക്കുന്ന യന്ത്ര സാമഗ്രികളുടെ വാടക നൽകുന്നതിനും വൗച്ചർ വേണം. എന്നാൽ വാടക വൗച്ചർ ഇല്ല.

6.**വരവ് ചെലവ് കണക്ക് പുസ്തകം**

വരവും ചെലവും അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന വരവ് ചെലവ് കണക്ക് പുസ്തകം സൂക്ഷിക്കുകയും മാസാവസാനം മൊത്തം വരവും ചെലവും കൂട്ടിനോക്കി നീക്കിയിരിപ്പു സംഖ്യ എഴുതി ബാങ്ക് അക്കൗണ്ടുമായി ഒത്തു നോക്കണം. 1997- ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

7. **മിനിട്സ് ബുക്ക്**

സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസാക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും വേണം.എന്നാൽ മിക്ക പ്രവൃത്തികളുടെ കാര്യത്തിലും കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കുന്നതിനായി ഒറ്റത്തവണ മാത്രമാണ് സമിതി യോഗം ചേർന്നിട്ടുള്ളത്.വരവു ചെലവു കണക്കുപോലും സമിതി അംഗീകരിക്കുന്നില്ല.

8. **ദൈനം ദിന ഡയറി**

പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാന കാര്യങ്ങൾ രേഖപ്പടുത്തുന്നതിന് കൺവീനർ ഒരു ദൈനം ദിന ഡയറി സൂക്ഷിക്കണം.മോണിറ്ററിംഗ് സമിതിയുടെ പരിശോധനാകുറിപ്പുകൾ ഈ ഡയറിയിൽ രേഖപ്പെടുത്തിക്കുകയും വേണം. ആയത് പാലിച്ചിട്ടില്ല.

9. **പൂർത്തീകരണ റിപ്പോർട്ട്**

പ്രവൃത്തി പൂർത്തിയാക്കിയ ശേഷം, കരാർ ഉടമ്പടി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നു എന്ന റിപ്പോർട്ട്, വരവു ചെലവു കണക്ക്, വൗച്ചറുകൾ, മസ്റ്റർ റോൾ,ഉപയോഗിച്ച മെറ്റീരിയലിന്റെ കണക്കുകൾ എന്നിവ സഹിതം കൺവീനർ പഞ്ചായത്തിനു നൽകണം. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ടോ മുഴുവൻ രേഖകളോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

10. **സംരക്ഷണ കമ്മിറ്റി രൂപീകരണം**

പ്രൊജക്റ്റ് പൂർത്തിയാക്കി വരവു ചെലവ് അവതരിപ്പിക്കുന്നതിനു വേണ്ടി വിളിച്ചു ചേർക്കുന്ന ഗുണഭോക്താക്കളുടെ പൊതുയോഗത്തിൽ വച്ച് നിർവ്വഹണ കമ്മിറ്റി പിരിച്ചു വിടുകയും സംരക്ഷണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള കമ്മിറ്റി രൂപീകരിക്കുകയും വേണം. ഈ കമ്മിറ്റി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്യണം. ആയതും പാലിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടപ്രകാരമല്ല. അപാകതകൾക്ക് വിശദീകരണംലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 10/27-1-20 അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഇത്തരത്തിൽ അപൂർണ്ണമായ ഫയലുകൾ സൂചിപ്പിക്കുന്നത് നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നാണ്. കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്റ്റിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചല്ല ഗുണഭോക്തൃസമിതികൾ രൂപീകരിച്ചിട്ടുള്ളത്. കൺവീനർ പ്രവൃത്തികൾ എല്ലാം തന്നെ കൺവീനർമാരുടെ നേരിട്ടുള്ള ഇടപെടൽ ബോദ്ധ്യപ്പെടുത്തുന്നതിൽ നിർവ്വഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല. കൺവീനർ പ്രവൃത്തികളുടെ മറവിൽ കരാറുകാർ പ്രവൃത്തി നടത്തുക വഴി ഗണ്യമായ നഷ്ടമാണ് പൊതു ഖജനാവിന് ഉണ്ടാകുന്നത്. താരതമ്യേന കരാറുകാർക്ക് ലാഭകരമായ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് നിശ്ചയമായും ലാഭിക്കാമായിരുന്നു.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടന്നിരിക്കുന്നത്. അപാകതയിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മുഴുവൻ മരാമത്ത് പ്രവൃത്തികളുടെയും നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും.

## 1-15 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2018-19 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 40500/- കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം.,തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1 | 322/19-വില്ലത്ത് സ്കൂൾ-പുറമെത്ര റോഡ് റീടാറിംങ്<br>ഒ.കെ.ബഷീർ | 48/25-7-18<br>300000/-<br>202/18-19 | VG-30–2624.81/156<br>=16.82<br>RS1-253.54/200<br>=1.26 | 18X250<br>= 4500 |
| 2 | 317/19വെട്ടിക്കാട്ടു റോഡ് ടാറിംങ്<br>ഒ.കെ.ബഷീർ | 64/14-11-18<br>197461/-<br>5/18-19 | VG-30 – 837.45/156<br>=5.36<br>SS1- 337.36 /182<br>1.85<br>RS1- 109.15/200<br>=.54 | 8X250<br>=2000 |
| 3 | 287/18-19ഇടുത്തറ റോഡ് റീടാറിംങ്<br>ഒ.കെ.ബഷീർ | 2/17-5-18<br>299428/-<br>186/17-18 | VG-30 – 2740.77/156<br>=17.56<br>RS1- 264.82/200<br>=1.32 | 19x250<br>=4750 |
| 4 | 319/18-19--കരിയാട്ടിൽകളം-തത്തനംപുള്ളി റോഡ് റീടാറിംങ്<br>ഒ.കെ.ബഷീർ | 50/267-18<br>299258/-<br>121/17-18 | VG-30 – 2618.26/156<br>=16.78<br>RS1- 253.28/200<br>=1.26 | 18X250<br>=4500 |
| 5 | 329/18-19—മുന്നൂർ പള്ളിയാലിൽ ടാറിംങ്<br>----ഒ.കെ.ബഷീർ | 92/24-11-18<br>299302/-<br>7/18-19 | VG-30 – 667.18/156<br>4.27<br>SS1- 268.77/182<br>1.47 | 6X250<br>=1500 |

| | | | | |
|---|---|---|---|---|
| | | | RS1- 86.95/200<br>0.43 | |
| 6. | 180/19—എരവത്ര-മൂത്താറുത്തോടി-റയിൽവെ റോഡ റീ ടാറിംങ്<br>----ഒ.കെ.ബഷീർ | 46/26-7-18<br>237884/-<br>203/18-19 | VG-30 – 2057.57/156<br>=13.18<br>RS1- 192.31/200<br>=.96 | 14X250<br>=3500 |
| 7. | ---321/18-19 കമ്പളത്തോടി റോഡ് റീടാറിംങ്<br>----ഒ.കെ.ബഷീർ | 44/26-7-18<br>200000/-<br>167/16-17 | VG-30 – 1745.06/156<br>=11.18<br>RS1- 163.59/200<br>=.81 | 12X250<br>=3000 |
| 8. | 312/18-19കാളിപ്പടി-ശില്പിപുരം റോഡ് റീടാറിംങ്<br>--ഒ.കെ.ബഷീർ | 52/25-7-18<br>352007/-<br>181/17-18 | VG-30 – 3059.59/156<br>=19.61<br>RS1-289.48/200<br>=1.44 | 21X250<br>=5250 |
| 9. | 326/18-19ചാത്തോടി കോളനി റോഡ് റീടാറിംങ്<br>--ഒ.കെ.ബഷീർ | 47/31-7-18<br>385382/-<br>180/17-8 | VG-30 – 3333.34/156<br>=21.36<br>RS1- 311.56/200<br>1.55 | 23X250 =5750 |
| 10. | 419/18-19ചുണ്ടമ്പറ്റ കരിയാട്ടിൽകളം റോഡ് റീടാറിംങ്<br>ഒ.കെ.ബഷീർ | 93/10-8-18<br>289072/-<br>6/18-19 | VG-30 – 2480.58/156<br>=15.90<br>RS1- 232.16/200<br>=1.16 | 17X250<br>=4250 |
| 11. | 360/18-19പറമ്പത്തൊടി റോഡ് സോളിംങ്,മെറ്റലിംങ്, ടാറിംങ്<br>ഒ.കെ.ബഷീർ | 173/22-3-19<br>25000/-<br>105/18-19 | SS1- 251.78/182<br>=1.38<br>VG-30- 625.02/156<br>=4.0<br>RS1-81.46/200<br>0.40 | 6X250<br>=1500 |
| | | | ആകെ | 40500/- |

## 1-16 തെരുവു വിളക്കുകളുടെ പരിപാലനം-അവലോകനം

<u>തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്</u>

കൊപ്പം, നെല്ലായ, വല്ലപ്പുഴ, കുലുക്കല്ലൂർ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ വരുന്ന പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഏതെല്ലാം ഇനങ്ങളിൽ പെട്ട എത്ര തെരുവു വിളക്കുകൾ പ്രവർത്തന ക്ഷമമാണ് എന്നത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഹാജരാക്കിയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അവ്യക്തവും അപൂർണ്ണവുമാണ്.

വസ്തുതകൾ ഇതായിരിക്കെ, കൃത്യമായ ഇടവേളകളിൽ വൈദ്യുതി ബോർഡ് നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം ശരാശരി 50000 രൂപയോളം പ്രതിമാസം വൈദ്യുതി ബില്ലിനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കി വരുന്നു.

## തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ് ന്റന ൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഈ രജിസ്റ്ററുകളൊന്നും തന്നെ സൂക്ഷിക്കുന്നില്ല. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

12-03-2013-ലെ സർക്കുലർ നം. 65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറററിംഗ് സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, *burnig hours* എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കുകയാണെങ്കിൽ ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നു. ആയത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/ സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

## തെരുവ് വിളക്ക് വാങ്ങൽ – സമാഹരണ പദ്ധതി നിബന്ധനകൾ അവലംബിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. എൽ ഇ ഡി ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ്

കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിനാൽ തെരുവ് വിളക്കുകൾക്ക് എൽ ഇ ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും, വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും തെരുവ് വിളക്കിന് ആവശ്യമായ എൽ ഇ ഡി ലാമ്പുകൾ വാങ്ങാവുന്നതാണ്.

3. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4. അടിയന്തിരമായി KSEB-യുമായി സംയുക്ത പരിശോധന നടത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് വൈദ്യുത ചാർജ് അടവാക്കുന്നതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്.

5. സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾ മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള ശ്രമം നടത്താവുന്നതാണ്. ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്റ്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർ നപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം - അപാകതകൾ സംബന്ധിച്ച്

ജി.ഒ (എം.എസ്) നം.170/07തസ്വഭവ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പറായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**വാഹന നം. KL- 52- A 8758**

**<u>എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>**

വാഹനത്തിന്റെ ലോഗ് ബുക്ക് മാത്രമാണ് നിലവിൽ സൂക്ഷിച്ചു പോരുന്നത്. റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ലോഗ് ബുക്കിന്റെ ചിലകോളങ്ങൾ പൂരിപ്പിക്കാതെയും ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്താതെയും ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

സ.ഉ(പ്രി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷുറൻസ് പോളിസിയുടെ വിവരം കാണിക്കുന്ന രജിസ്റ്റർ മുതലായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

**ബി. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്**

ഓരോ ആറു മാസം കൂടുമ്പോഴും ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണെന്ന നിബന്ധനയും പാലിച്ചിട്ടില്ല. . ഇന്ധനക്ഷമത അവസാനമായി നടത്തിയത് എന്നാണെന്ന് പരിശോധിക്കുന്നതിനുള്ള രേഖ ലോഗ്ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**സി. ഇന്ധനം നിറയ്ക്കൽ**

കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയേ്ക്കണ്ടതാണെന്ന നിബന്ധനയും പാലിക്കുന്നില്ല. പലപ്പോഴും കുറഞ്ഞ അളവിലുള്ള ഇന്ധനമാണ് നിറയ്ക്കുന്നത്.

**ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ആവശ്യമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് അടിയന്തിരമായി നടത്തേണ്ടതാണ്.
4. നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 വാഹന വാടക നൽകിയത് ക്രമപ്രകാരമല്ല

പ്രൊജക്ക് : നം.39/19 പ്രതിരോധ കുത്തിവെപ്പ്

അടങ്കൽ: ₹50000.00 (വികസന ഫണ്ട്)

ചെലവ്: ₹34100.00

1. ബിൽ നം. 3 തീയതി 31-5-2018 ₹5000.00
2. ബിൽ നം. 19 തീയതി 20.12.18 ₹12600.00
3. ബിൽ നം.24 തീയതി 20.2.19 ₹6600.00
4. ബിൽ നം.30 തീയതി 15.3.19 ₹9900.00}

ഈ പ്രൊജക്ടിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകയും KL 52 C 2298 ഓട്ടോറിക്ഷയുടെ ഡ്രൈവർ ശ്രീ.സുരേന്ദ്രൻ എം കെ എന്നയാൾക്കാണ് നൽകിയിട്ടുള്ളത്. പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സബ്ബ് സെന്ററുകൾ സ്ഥിതി ചെയ്യുന്ന മുളയൻക്കാവ്, ചുണ്ടമ്പറ്റ, വണ്ടുംതറ, പുറമത്ര, തത്തനംപുള്ളി എന്നിവിടങ്ങളിലേക്ക് യാത്ര നടത്തിയതിന് 600 രൂപ വീതവും, സി എച്ച് സി കൊപ്പത്തേക്ക് നടത്തിയ യാത്രകൾക്ക് 300 രൂപ വീതവും നൽകിയിട്ടുണ്ട്. എന്നാൽ വൗച്ചറുകളോടൊപ്പം ആകെ ഓടിയ കിലോമീറ്ററുകളോ, ഹാൾട്ട് ചെയ്ത സമയമോ രേഖപ്പെടുത്തിയിട്ടില്ല.

2) 01-04-2018 മുതൽ 10-12-2018വരെയുള്ള കാലയളവിൽ സർക്കാർ ഉത്തരവ് (പി) 74/2014/ട്രാൻ തീയതി 17-10-2014 പ്രകാരം ബാധകമായ നിരക്കുകളും, 11-12-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ സർക്കാർ ഉത്തരവ് (പി) 45/2018/ട്രാൻ തീയതി 11-12-2018 പ്രകാരം ബാധകമായ നിരക്കുകളാണ് വാഹന വാടകയായി നൽകാൻ കഴിയൂ. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായാണ് വാഹന വാടക നൽകിയിരിക്കുന്നത്.
3)ഈ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല
4)പ്രൊജക്ട് നിർവ്വഹണത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

ഭാവിയിൽ സർക്കാർ ഉത്തരവ് (പി) 45/2018/ട്രാൻ തീയതി 11-12-2018 പ്രകാരം ബാധകമായ നിരക്കുകളും,വ്യവസ്ഥകളും അനുസരിച്ച് വാഹന വാടക നൽകേണ്ടതാണ്. പ്രോജക്ടുകളുടെ നിർവഹണത്തിൽ സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ, പദ്ധതി മാർഗ്ഗരേഖകൾ മുതലായവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഈ പ്രൊജക്ടിന്റെ ഫലപ്രാപ്തി സംബന്ധിച്ച് വിലയിരുത്തലിനായി വനിതകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള വർക്കിങ്ങ് ഗ്രൂപ്പ്, ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ-വിനിയോഗ/ചെലവു പുരോഗതി സാക്ഷ്യപത്രം ഹാജരാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഈ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നമ്പറും പേരും | ചെലവു തുക<br>ബിൽ നമ്പർ/ വൗച്ചർ നം., തീയതി | തുക സ്വീകരിച്ച ഏജൻസിയുടെ പേരും, അക്കൗണ്ട് നമ്പറും. |
|---|---|---|---|
| 1 | 04/19 – അക്കൗണ്ടന്റ് -കം-ഐ.ടി എക്സ്പെർട്ടിന്റെ വേതനവും പെർഫോമൻസ് യൂണിറ്റിനുള്ള വിഹിതവും | Bill.No 07/04.09.18<br>30,000/- | സീനിയർസൂപ്രണ്ട്,<br>പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് , പട്ടാമ്പി |
| 2 | 36/19- വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | (a) Bill.No . 6/4.9.18<br>99013/-<br>(b) Bill No.12/17.11.18<br>- 118074/-<br>(c) Bill No. 23/12.12.18<br>- 7800/-<br>(d) Bill No. 26/29.12.18 | KSEB, പുലാമന്തോൾ (67034908573) SBI<br>56830/-<br>KSEB- 67198185077<br>42183/-<br>KSEB, Pengattiri<br>A/C. No. 67170896717- SBI |

| | | | |
|---|---|---|---|
| | | 83713/-<br><br>(e) Bill No. 27/6.3.19<br><br>45630/-<br><br>(d) Bil No. 28/6.3.19<br><br>22362/-<br><br>(f) Bill. No. 35/16.3.19<br><br>16366/-Total-392958/- | 100605/-<br><br>A/C No. 67198185077- 17469/-<br><br>KSEB, പുലാമന്തോൾ 67034908573- SBI<br><br>KSEB, Pengattiri<br><br>A/C. No.67198185077<br><br>SBI<br><br>KSEB, Pengattiri<br><br>A/C. No.67198185077<br><br>SBI<br><br>A/CNo. 67034908573<br><br>15160/-<br><br>67198185077<br><br>7202/-<br><br>KSEB , Pulamanthole<br><br>67034908573-<br>SBI |
| 3 | Pro.No. 71/19- ശുദ്ധ ജല വിതരണ ബൾക്ക് മീറ്റർ സ്ഥാപിക്കൽ. | Vr.No. 21800057/24.4.18<br><br>201000/-<br><br>( Ch. No.TSB 9759921<br><br>/24.4.18)<br><br>Vr.No. 218001133/18.3.19<br><br>( TSB 2457825/ 18.3.19)<br><br>67000/-<br><br>ആകെ - 268000/- | കേരള ജല അതോറിറ്റി<br><br>( തനത് ഫണ്ട്) |
| 4 | 451/19 വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | Vr. No. 21800641/17.12.2018<br><br>250000/- | KWA<br><br>( തനത് ഫണ്ട്) |
| 5 | പുലാക്കാട്ടിരി കുടിവെള്ള പദ്ധതിക്ക് ത്രീ-ഫേസ് ലൈൻ | Bill.No. 34/11.3.19<br><br>55000/- | KWA<br><br>( വികസന ഫണ്ട്) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 8/ 28.01.2020) മറുപടി ലഭിച്ചില്ല) ആയതിനാൽ മേൽ പറഞ്ഞ തുകകളുടെ ചെലവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധന ഹാജരാക്കേണ്ടതാണ്.

## 1-20 എസ്.എസ്.എ. വിഹിതം നൽകൽ - വിശദാംശങ്ങൾ ലഭ്യമാക്കണം

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്ക്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme for School Education: Merging the Centrally Sponsored Schemes of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ തീയതി 25.1.18 ഖണ്ഡിക 5.2(2) ലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്ത്, ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള "എസ്.എസ്.എ. വിഹിതം " പ്രൊജക്റ്റ് പ്രകാരം ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB000812 A/c No: 0812101063416) 1000000.00 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ബിൽ നം. / തിയതി | തുക | കുറിപ്പ് |
|---|---|---|---|---|---|
| 1 | 31/19- എസ്.എസ്.എ വിഹിതം | 10 ലക്ഷം ( വികസന ഫണ്ട് ) | 1/18-19 തീ.26-7-18 | 1000000.00 | Certified that the LSG share of Kulukkallur GP for Rs.1000000.00 for the year 2018-19 has been received and fund utilized for SSK activities for the year 2018-19 എന്ന് രേഖപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. |
| ആകെ | | | | 1000000.00 | |

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 2/20-01-2020 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയവ ലഭ്യമാക്കിയിട്ടില്ല.

1. 2018-19 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങളുടെ എന്നിവയുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ക്കൂൾ പ്രധാന അധ്യാപകരിൽ നിന്നും.

2. 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSK നടത്തിയ അക്കാദമിക്ക് / നിർമ്മാണ / പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രഫോർമ പ്രകാരം SSK ജില്ലാ പ്രൊജക്റ്റ് ഓഫീസറിൽ നിന്നും താഴെ പറയുന്ന പ്രകാരം ഹാജരാക്കേണ്ടതാണ്.

1. വിദ്യാലയത്തിന്റെ പേര്
2. പ്രവൃത്തി / ഇനം
3. ആകെ ചെലവ് തുക
4. ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം
5. മറ്റ് വിശദാംശങ്ങൾ

എസ്.എസ്.കെ നടപ്പിലാക്കുന്ന പ്രവൃത്തികൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ്

കമ്മിറ്റി തലത്തിലും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും, വിനിയോഗം കഴിഞ്ഞ് ബാക്കിയുള്ള പഞ്ചായത്ത് വിഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-21 മരുന്നുകൾ വാങ്ങൽ ക്രമപ്രകാരമല്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് വേണ്ടി മരുന്നുകൾ വാങ്ങിയത് സപ്ലൈക്കോ മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നാണ്.

| ക്രമ നം | ബിൽ നം | പ്രോജക്ട് നം | ഇൻവോയ്സ് നം | തീയതി | തുക |
|---|---|---|---|---|---|
| 1 | 29/15.3.19 | 34/2019 | 0904301/18145 | 23.2.19 | 83245.00 |
| 2 | 27/15.3.18 | 35/2019 | 0904301/18167 | 11.3.19 | 49999.00 |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ലെ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ള. മാർഗ്ഗരേഖ ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കാരുണ്യ/നീതി/ജെൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരമുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്കും,നിർദ്ദേശങ്ങൾക്കും വിരുദ്ധമായി പ്രൊജക്ടുകളുടെ ചെലവുകൾ നടത്തിയത് ക്രമ പ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്ടുകളുടെ നിർവഹണം നടത്തേണ്ടതാണ്.

## 1-22 ആമ്പുലൻസിന്റെ ഉടമസ്ഥത മാറ്റണം

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് ഹോംകെയർ സേവനങ്ങൾക്ക് ഓടിക്കൊണ്ടിരിക്കുന്ന ആമ്പുലൻസ് ( KL-52-D-6490) ഗ്രാമപഞ്ചായത്തിന് വ്യാപാരി -വ്യവസായികളുടെ സംഘടന സംഭാവന ചെയ്തതാണ്. ഇതിന്റെ ഉടമസ്ഥത പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് കൺവീനറുടെ പേരിലാണ്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30.4.18 ലെ 6-ാം നമ്പർ തീരുമാന പ്രകാരം ആംബുലൻസിന്റെ ഉടമസ്ഥത ഗ്രാമ സെക്രട്ടറിയുടെ പേരിലോ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലോ മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. (ഫയൽ നമ്പർ - A1/1146 ) എന്നാൽ ഓഡിറ്റ് തീയതിയിലും ഉടമസ്ഥത പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് കൺവീനറുടെ പേരിലാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് ഉടമസ്ഥത മാറ്റേണ്ടതും, ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ കാലികമാക്കേണ്ടതുമാണ്.

## 1-23 വിമുക്തഭടൻമാർക്കുള്ള നികുതി ഇളവ്-തുടർനടപടി സ്വീകരിക്കണം

2018-19 വർഷം 75 പേർക്ക് (സഞ്ചയ പ്രകാരം) വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇളവ് സംബന്ധിച്ചുള്ള നിബന്ധനകൾ സർക്കാർ ഉത്തരവ് (കൈ) 106/2017 / ത.സ്വ,ഭ.വ തീ 26.5.2017 ൽ വ്യവസ്ഥ ചെയ്യുന്നു. ഇളവ് സംബന്ധിച്ചുള്ള രേഖകൾ / വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം 7/30.1.20 നൽകിയിരുന്നു.അന്വേഷണത്തിനുള്ള മറുപടിയിൽ യഥാർത്ഥത്തിൽ 52 പേർക്കു മാത്രമേ നികുതി ഇളവ് നൽകുന്നുള്ളുവെന്ന് അറിയിച്ചു.ഈ വിഷയത്തിൽ താഴെ പറയുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1. 2018-19 വർഷത്തിൽ നികുതി ഇളവ് നൽകിയ വിമുക്തഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരിൽ നിന്നുള്ള, സർക്കാർ ഉത്തരവ് (കൈ) 106/2017 / ത.സ്വ,ഭ.വ തീ 26.5.2017 ഖണ്ഡിക 3 ലെ വ്യവസ്ഥ അനുസരിച്ച്,ഖ ണ്ഡിക 4 ലെ മാതൃക അനുസരിച്ചുള്ള 2018 മാർച്ച് 31 നു മുമ്പായി സമർപ്പിക്കേണ്ട സാക്ഷ്യപത്രങ്ങൾ, വസ്തുനികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രത്യേക രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. .ഇവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയൽ സൂക്ഷിക്കേണ്ടതാണ്.

3. സർക്കാർ ഉത്തരവ് (കൈ) 106/2017 / ത.സ്വ,ഭ.വ തീ 26.5.2017 നിർദ്ദേശം 1 പ്രകാരം വിമുക്ത ഭടൻമാന്മാർ, അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ ഒഴികെയുള്ള അനർഹരായവർ (പാരാ മിലിട്ടറി സർവ്വീസ് മുതലായവ) ഇളവ് നൽകുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടങ്കിൽ അവരെ നീക്കം ചെയ്യുന്നതിനും, നികുതി ചുമത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. നികുതി ഇളവ് അനുവദിക്കുന്ന ഭവനങ്ങളുടെ ആകെ വിസ്തീർണ്ണം 2000 ച.അടിയിൽ കൂടുതൽ ഇല്ലെന്ന് ഫീൽഡ് തല പരിശേധന നടത്തി ഉറപ്പുവരുത്തേണ്ടതും, കൂട്ടിചേർക്കലുകൾ മറ്റും വരുത്തി 2000 ച.അടി അധികരിച്ചിട്ടുണ്ടെങ്കിൽ ആയതിന് നികുതി ചുമത്തേണ്ടതുമാണ്.

## 1-24 റീയേജൻറ് വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട് : നം.41/19 ലാബിലേക്ക് റീയേജൻറ് വാങ്ങലും ലാബ് ടെക്നീഷൻറെ വേതനവും

നിർവ്വഹണം - മെഡിക്കൽ ഓഫീസർ

അടങ്കൽ: ₹189440.00 (വികസന ഫണ്ട്)

ചെലവ്: ₹126900.00

ഈ പ്രൊജക്ടിൻറെ നിർവഹണത്തിനായി ബിൽ നം.10 തീയതി 29.9.18 ₹45560.00 പ്രകാരം ബ്ലൂ ഡാർട്ട് ഡയഗ്നോസ്റ്റിക്സ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ലാബ് കെമിക്കൽസ് വാങ്ങിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരം, ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യുർമെൻറ് മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

ഭാവിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നോ, സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യുർമെൻറ് മാർഗ്ഗരേഖ യിലെ വ്യവസ്ഥകൾ പ്രകാരമോ മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-25 സബ്ബ് സെൻററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് : നം.220/19 സബ്ബ് സെൻററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ

അടങ്കൽ: ₹50000.00 (മോയിന്ററനൻസ് ഗ്രാൻറ് -നോൺ റോഡ്)

ചെലവ്: ₹49999.00

{(1)ബിൽ നം.17 തീയതി 26.2.19 ₹49999.00}

ഈ പ്രൊജക്ടിൻറെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ)സബ്സിഡി മാർഗരേഖ-സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം , മാർഗരേഖ ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യുർമെൻറ് മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. പ്രൊക്യുർമെൻറ് മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2 അനുസരിച്ച് ലിമിറ്റഡ് ടെണ്ടർ രീതിയിൽ വാങ്ങൽ നടത്തുന്നതിനു പകരം, മതിയായ പങ്കാളിത്തമില്ലാത്ത രീതിയിൽ ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

ബി) 1.7.2017 മുതൽ ചരക്ക് സേവന നികുതി നിയമം പ്രാബല്യത്തിൽ വന്നതിനാൽ ജി.എസ്.ടി ഉൾപ്പെടുത്തിയ / കോമ്പൗണ്ട് ടാക്സ് പേയർ സാക്ഷ്യപത്രം ഉൾപ്പെടുത്തിയ ബിൽ

/ ഇൻവോയ്സുകളാണ് ചട്ടം അനുശാസിക്കുന്നത്. എന്നാൽ റോയൽ ഫർണിച്ചർ, കൊപ്പം എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകൾക്ക് ഹാജരാക്കിയ ബില്ലുകൾ ഇത്തരത്തിലുള്ളവയല്ല.

സി)2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.7(i) സി പ്രകാരം ഒപ്പ് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പി ടി എസ് ഫർണിച്ചർ (മഞ്ചേരി), ജെ ആർ എന്റർപ്രൈസസ് (രണ്ടത്താണി) എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളിൽ 'ഒപ്പ്' രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഇവ നിരസിക്കേണ്ടതായിരുന്നു.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്റ്റിനു വേണ്ടി ചെലവഴിച്ച 49999.00 രൂപ തടസ്സപ്പെടുത്തുന്നു.

2. റോയൽ ഫർണിച്ചർ, കൊപ്പം സമർപ്പിച്ച ബിൽ / ഇൻവോയ്സുകൾ ചരക്ക് സേവന നികുതി നിയമം പ്രകാരം ജി.എസ്.ടി ഉൾപ്പെടുത്തിയ / കോമ്പൗണ്ട് ടാക്സ് പേയർ സാക്ഷ്യപത്രം അല്ലാത്തവയായതിനാൽ , സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ തുടർനടപടികൾക്ക് വിധേയമാക്കേണ്ടതാണ്.

3. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.7(i) സി പ്രകാരം ഒപ്പ് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-26 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി-അവലോകനം

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>ലൈഫ് പദ്ധതി ഒന്നാംഘട്ടം</u>

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 2 ഗുണഭോക്താക്കളിൽ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചു. പദ്ധതിക്കായി 2017-18 വർഷത്തിൽ 220000 രൂപ ചെലവഴിച്ചു.

<u>ലൈഫ് പദ്ധതി രണ്ടാം ഘട്ടം</u>

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 55 ഉം എസ്.സി വിഭാഗത്തിൽ 3 ഉം ഗുണഭോക്താക്കളുള്ളത്. ആയതിൽ എസ്.സി, എസ്.ടി വിഭാഗത്തിലുൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളടക്കം ആകെ53പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്. ആകെ 4 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്ത്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്ട് നം-58)

രണ്ട് സർക്കിളുകളായി 50 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 12 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവസാനഗഡു മാത്രം കൈപ്പറ്റാൻ ബാക്കിയുള്ളത് 33 ഗുണഭോക്താക്കളാണ്. ശേഷിക്കുന്നവരിൽ 5 പേർ ആദ്യഗഡു മാത്രം കൈപ്പറ്റി ഭവനനിർമ്മാണത്തിന്റെ പ്രാരംഭഘട്ടത്തിലാണുള്ളത്.

2018-19 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2018-19 | |
|---|---|---|
| | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട് + തനത് ഫണ്ട് | 2838600 | 2838600 |
| ബ്ലോക്ക് പഞ്ചായത്ത് | 354482 | 354482 |
| ജില്ലാ പഞ്ചായത്ത് | 421072 | 421072 |
| മറ്റിനം(വായ്പ) | 18385846 | 7325846 |
| ആകെ | 22000000 | 10940000 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (Project No.59) – എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1200000 | 900000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 |
| ആകെ | 1200000 | 900000 |

ആകെയുള്ള 3 ഗുണഭോക്താക്കളിൽ 3 പേരും കരാർ വെച്ചിട്ടുണ്ട്.

ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവന നിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ്. ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ചു നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

**ഹഡ്കോ ലോൺ**

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ 7325846 രൂപ വായ്പ ലഭ്യമായിട്ടുണ്ട്.

തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം - 67291349824– SBI, KOPPAM. ബാങ്ക് ) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

## സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 4700000 രൂപ ലഭ്യമായിട്ടുണ്ട്.

### ഭവനനിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ രൂപീകരിച്ച ഭവനനിധി രൂപികരിച്ചിട്ടില്ല .

### ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കുള്ള ഭവന നിർമ്മാണം - നടപടികൾ നാളിതു വരെ തുടങ്ങിയിട്ടില്ല

ഭുരഹിത ഭവനരഹിതരായി ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉണ്ട്. നാളിതു വരെ ഇവർക്കായുള്ള ഭവന നിർമ്മാണ നടപടികൾ തുടങ്ങിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയുള്ള ഭവനസമുച്ചയ നിർമ്മാണ പദ്ധതി ആരംഭിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാകേണ്ടതാണ്.

### മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.
   പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഭാഗം -2**

**-പരാമർശങ്ങൾ ഇല്ല-**

**ഭാഗം -3**

**-പരാമർശങ്ങൾ ഇല്ല-**

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 7-7-19 | കെ.എസ്.എ-പികെഡി-21/997/2019( 34 ) തി.26-8-19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 354482 | ലൈഫ് മിഷൻ തുക വക | 354482 | 0 |

| | | | | | |
|---|---|---|---|---|---|
| | | | യിരുത്തൽ-ജനറൽ (58/19) | | |
| | | 290784 | സമൃദ്ധി (322/19) | 290784 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 421072 | ലൈഫ് മിഷൻ തുക വകയിരുത്തൽ-ജനറൽ (58/19) | 421072 | 0 |
| | | 418080 | സമൃദ്ധ്(322/19) | 418080 | 0 |
| | | 40000 | എസ്.സി വൃദ്ധസ്ത്രീകൾക്ക് കട്ടിൽ | 40000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KWA | പള്ളിക്കരപ്പള്ളിയാൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (448/19) | 30/18-19/ 28/01/19 | 75,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KWA | പള്ളിപ്പടി കണ്ടങ്ങത്തൊട്ടി പൂന്തോട്ടത്തിൽ ഭാഗം പൈപ്പ് ലൈൻ നീട്ടൽ(449/19) | 31/18-19/ 28/01/19 | 75,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KWA | മഹാളിവട്ടം കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (450/19) | 32/18-19/ 28/01/19 | 1,35,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KWA | നെല്ലികുന്ന് ചെറുചാത്തകുന്നു പ്രദേശത്തെ പൈപ്പ് ലൈൻ നീട്ടൽ(451/19) | 29/18-19/ 28/01/19 | 1,25,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KWA | വിവിധ അങ്കണവാടികളിലേക്ക് കുടിവെള്ള കണക്ഷൻ (452/19) | 25/18-19/ 28/01/19 | 50,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KWA | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (453/19) | 27/18-19/ 28/01/19 | 3,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| KWA | ചെമ്പർകുന്ന് കോളനിയിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (493/19) | 26/18-19/ 28/01/19 | 50000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല.

തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFCലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 7454661 | 7454661 | 0 | 0 | 7454661 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 para 2-3 | | 9860/- | വിശദാംശങ്ങൾ ലഭ്യമല്ല | 11801010878/13-8-18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ
-ഒന്നുമില്ല-

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 88005184 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71608880 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40500/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

(ബി). **<u>ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 40500 | ഷഹനാസ്അഷറഫ്, അസി.എഞ്ചിനീയർ |

സി.**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

ഒന്നുമില്ല

(ഡി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

(ഇ) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

(എഫ്)**<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷഹനാസ്അഷ്റഫ്, അസി.എഞ്ചിനീയർ | ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല | മുത്തയിൽ വീട്, ബീരാക്കുട്ടി റോഡ്, ഏർവാടിക്ക് സമീപം, തൈക്കാവ്, എടപ്പള്ളി(പി.ഒ). എറണാകുളം ജില്ല, പിൻ-682024 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P.13/2066/12 Dt.9.11.12 | 2 |
| 1997-98 | LF.P.13/2067/12 Dt.9.11.12 | 3 |
| 1998-99 | LF.P.13/2074/12 Dt.9.11.12 | 3 |
| 1999-00 | LF.P.13/1969/11 Dt.6.12.11 | 4 |
| 2000-01 | LF.P.13/1967/11 Dt.15.12.11 | 8 |
| 2001-02 | LF.P.13/2068(1)/12 Dt.23.11.12 | 7 |
| 2002-03 | LF.P.13/2068(2)/12 Dt.23.11.12 | 4 |
| 2003-04 | LF.P.13/2068(3)/12 Dt.23.11.12 | 6 |
| 2004-05 | LF.P.13/2069/12 Dt.10.11.12 | 7 |
| 2005-06 | LF.P.13/2070/12 Dt.5.12.12 | 5 |
| 2006-07 | LF.P.13/2071/12 Dt.5.12.12 | 10 |
| 2007-08 | LF.P.13/1969/12 Dt.6.11.12 | 13 |
| 2008-09 | LF.P.13/2289/12 Dt.23.3.13 | 8 |
| 2009-10 | LF.P.13/2289/12 Dt.23.3.13 | 10 |
| 2010-11 | LF.P.13/2289/12 Dt.23.3.13 | 12 |
| 2011-12 | LF.P.13/9/2014 Dt.6.2.14 | 9 |
| 2012-13 | LF.P.13/228/2015 Dt.16.5.15 | 13 |
| 2013-14 | K.S.A.PKD/13/1139/2016 Dt.27.07.2016 | 11 |
| 2014-15 | K.S.A.PKD/13/1139/2016 Dt.27.07.2016 | 16 |
| 2015-16 | K.S.A.PKD 13/1241/2016 Dt. 31-12-16 | 13 |
| 2016-17 | K.S.A.PKD13/1765/2017 dt.1-11-17 | 24 |
| 2017-18 | K.S.A.PKD113/581/2019 dt.08-05-19 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ലാ ഓഡിറ്റ് കാര്യാലയം<br>
പാലക്കാട്

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019( 34 )

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

Phone No.04912520145

e-mail. dopkd.ksad@kerala.gov.in
തിയതി: 26-8-2019

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ്/ നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(34)

Kerala State Audit Department
District Audit Office

Palakkad

Phone No.04912520145

e-mail. dopkd.ksad@kerala.gov.in
Date: 26-8-2019

<u>Certificate</u>

Certified that 1 have examined the Annual Financial Statement of KULUKKALLUR Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994 the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions/ Municipalities / Corporations.

In my opinion the financial Statement of KULUKKALLUR Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

**Annexure**

**Abstract of Defects/Discrepancies**

1. Asset register is not updated upto 31-3-2019 using Sachithra Software. Linking of Sachithra and Sankhya is not completed and hence the correctness of asset value could not be verified.

2. The amount of property tax as shown in the AFS are not in agreement with SANCHAYA.

Deputy Director

# അനുബന്ധം-2
# ഓഡിറ്റ് ചെയ്ത കണക്കുകളുടെ സംക്ഷിപ്ത പത്രികകൾ

**1) INCOME & EXPENDITURE STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3563470.00 |
| 140000000 | Fee & User Charges | I-4(b) | 604081.00 |
| 150000000 | Sale & Hire Charges | I-5(b) | 578678.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 137547638.00 |
| 171000000 | Interest Earned | I-8 | 129966.00 |
| 180000000 | Other Income | I-9 | 9860.00 |
| | Total Income | | 142433693.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9577134.00 |
| 220000000 | Administrative Expenses | I-11(b) | 960640.00 |
| 230000000 | Operations & Maintenance | I-12(b) | 1600963.00 |
| 240000000 | Interest & Finance Charges | I-13 | 1116.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3261996.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47187521.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4429293.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1760359.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49995586.00 |
| 255000000 | Maintenance Projects | I-14(e) | 21240084.00 |
| 272000000 | Depreciation | I-17(a) | 5269625.00 |
| | Total Expenditure | | 145284317.00 |
| | Gross Surplus/ Deficit of income over Expenditure | | -2850624.00 |
| 280000000 | Prior Period Item | I-18 | -1941824.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -908800.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**2) <u>RECEIPT & PAYMENT STATEMENT</u>**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11452812.00 |
| Cash | Cash | RP-40(a) | 86886.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 598500.00 |
| 140000000 | Fees & User Charges | RP-4 | 512421.00 |
| 150000000 | Sale & Hire Charges | RP-5 | 578678.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55358343.00 |
| 171000000 | Interest Earned | RP-9 | 129966.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7672041.00 |
| 350000000 | Other Liabilities | RP-36 | 134990.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9860.00 |
| 330000000 | Secured Loans | RP-32 | 7454661.00 |
| 340000000 | Deposits Received | RP-34 | 93980.00 |
| 350000000 | Other Liabilities | RP-36 | 227716.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3197030.00 |
| 460000000 | Loans, Advances and Deposits | RP-47 | 497300.00 |
| | Grand total | | 88005184.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4139763.00 |
| 220000000 | Administrative Expenses | RP-12 | 960640.00 |
| 230000000 | Operations & Maintenance | RP-13 | 1600963.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3210551.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 25617152.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4453283.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1760359.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 159186.00 |
| 255000000 | Maintenance Projects | RP-20 | 21240084.00 |
| 280000000 | Prior Period item | RP-26 | -107791.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 472680.00 |
| 350000000 | Other Liabilities | RP-36 | 4066892.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1116.00 |
| 340000000 | Deposits Received | RP-34 | 24840.00 |
| 350000000 | Other Liabilities | RP-36 | 1471608.00 |
| 410000000 | Fixed Assets | RP-38 | 1028441.00 |
| 412000000 | Capital work in Progress | RP-40 | 425428.00 |
| 460000000 | Loans, Advances and Deposits | RP-47 | 1083685.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16298994.00 |
| Cash | Cash | RP-40(b) | 97310.00 |
| | Grand Total | | 88005184.00 |

**3) BALANCE SHEET**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12903597.00 |
| 312000000 | Reserves | B-3 | 28271895.00 |
| | Total Reserve & Surplus | | 41175492.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6505830.00 |
| | Total Grants, Contributions for Specific Purposes | | 6505830.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 7583476.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 7583476.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 374747.00 |
| 350000000 | Other Liabilities | B-9 | 850762.00 |
| | Total Current Liabilities and Provisions | | 1225509.00 |
| | TOTAL LIABILITIES | | 56490307.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 42071922.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -11021624.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 31050298.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 725097.00 |
| 440000000 | Pre-paid Expenses | B-16 | 7454661.00 |
| 450000000 | Cash and Bank Balance | B-17 | 16396304.00 |
| 460000000 | Loans, Advances and Deposits | B-18 | 863947.00 |
| | Total Current Assets, Loans and Advances | | 25440009.00 |
| | Other Assets | | |

| | | |
|---|---|---|
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 56490307.00 |